SS 9101

# ഒന്നാം പാദവാർഷിക മൂല്യനിർണയം - 2017

## സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : IX

സമയം : 2½ മണിക്കൂർ

ആകെ സ്കോർ : 80

---

**പൊതുനിർദ്ദേശങ്ങൾ**

1. ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കണം
2. ചോദ്യങ്ങളും നിർദ്ദേശങ്ങളും ശരിയായി വായിച്ചതിനുശേഷം മാത്രം ഉത്തരമെഴുതുക.
3. ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം, ഓരോ വിഭാഗത്തിലും എഴുതേണ്ടുന്ന ചോദ്യങ്ങളുടെ എണ്ണം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 3 വരെയുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ ശരിയായവ ബ്രാക്കറ്റിൽ നിന്നും തെരഞ്ഞെടുത്ത് എഴുതേണ്ടവയാണ്. ഓരോന്നിനും 1 സ്കോർ വീതം**

**1 x 3 = 3**

1. 'ഇബ്നുസീന' എത് മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു?

   (ഭൂഗർഭശാസ്ത്രം, നരവംശശാസ്ത്രം, വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം)

2. ഘനീകരണം ആരംഭിക്കുന്ന നിർണ്ണായക ഊഷ്മാവിനെ വിളിക്കുന്ന പേരെന്ത്?

   (ആർദ്രത, പൂരിതാവസ്ഥ, തുഷാരാങ്കം, ആപേക്ഷിക ആർദ്രത)

3. ഇന്ത്യൻ ഭരണഘടനയുടെ ഏത് ഭാഗത്താണ് മൗലിക അവകാശങ്ങൾ പ്രതിപാദിച്ചിരിക്കുന്നത്?

   (ഭാഗം IV, ഭാഗം III, ഭാഗം IV A, ഭാഗം V)

**4 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ *<u>ഏതെങ്കിലും 4 എണ്ണത്തിന്</u>* ഉത്തരമെഴുതിയാൽ മതി. ഓരോന്നിനും 2 സ്കോർ വീതം.** **2 x 4 = 8**

4. ഇന്ത്യൻ ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങളുടെ ഏതെങ്കിലും രണ്ട് പ്രത്യേകതകൾ എഴുതുക.
5. തുഷാരവും ഹിമവും തമ്മിലുള്ള വ്യത്യാസമെന്ത്?
6. 'കരോലിൻജിയൻ ശൈലി'യെക്കുറിച്ച് ഒരു കുറിപ്പെഴുതുക.
7. 'ശാന്തസമുദ്രത്തിലെ തീവലയം' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
8. ദൈനിക താപാന്തരവും ദൈനികശരാശരി താപനിലയും തമ്മിലുള്ള വ്യത്യാസമെന്ത്?

9 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ *ഏതെങ്കിലും 6 എണ്ണത്തിന്* ഉത്തരമെഴുതിയാൽ മതി. ഓരോന്നിനും 3 സ്കോർ വീതം. $3 \times 6 = 18$

9. താപവിതരണത്തെ സ്വാധീനിക്കുന്ന ഒരു ഘടകമാണ് ഉയരം. മറ്റ് ഘടകങ്ങൾ ഏവ?

10. അറേബ്യൻ രാജവംശങ്ങളും ഭരണകേന്ദ്രങ്ങളും ഉൾപ്പെടുന്ന പട്ടിക പൂർത്തിയാക്കുക.

| രാജവംശം | തലസ്ഥാനം |
|---|---|
| ഖലീഫ | (എ) .......... |
| (ബി) .......... | ദമാസ്ക്കസ് |
| അബ്ബാസിയ | (സി) .......... |

11. ദേശീയഗാനം ആലപിക്കുമ്പോൾ എഴുന്നേറ്റ് നിൽക്കുക എന്നത് ഒരു മൗലിക കർത്തവ്യമാണ്. മറ്റു മൂന്നു മൗലികകർത്തവ്യങ്ങൾ കൂടി എഴുതുക.

12. അഗ്നിപർവ്വതങ്ങൾ മനുഷ്യന് ഉപകാരപ്രദമാകുന്ന സാഹചര്യങ്ങൾ ഏതെല്ലാം?

13. അറബികളുമായുള്ള ബന്ധത്തിലൂടെ യൂറോപ്യൻ ജനത പരിചയിച്ച ഒരു സാങ്കേതികജ്ഞാനമാണ് മെക്കാനിക്കൽ ക്ലോക്കുകൾ. മറ്റ് മൂന്ന് സാങ്കേതിക ജ്ഞാനങ്ങൾ എഴുതുക.

14. ഗിൽഡുകളുടെ ചുമതലകൾ സൂചിപ്പിക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക.




15. ഫലകചലനം ഭൂകമ്പം ഉണ്ടാക്കുന്നതിനുള്ള ഒരു കാരണമാണ്. മറ്റ് കാരണങ്ങൾ എഴുതുക.

16 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ *ഏതെങ്കിലും 6 എണ്ണത്തിന്* ഉത്തരമെഴുതിയാൽ മതി. ഓരോന്നിനും 4 സ്കോർ വീതം. $4 \times 6 = 24$

16. മംഗോളിയരുടെ ഭരണത്തിന്റെ സവിശേഷതകൾ എഴുതുക.

17. ഏറ്റവും പരിചിതമായ വർഷണരൂപമാണ് മഴ. മറ്റ് രണ്ട് വർഷണ രൂപങ്ങളെക്കുറിച്ച് വിശദീകരിക്കുക.

18. ഇന്ത്യയുടെ ദേശീയ വരുമാനം കണക്കാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തെല്ലാം?

19. വിശുദ്ധ റോമാ സാമ്രാജ്യചക്രവർത്തിയായിരുന്ന ഷാലമിന്റെ ഭരണപരിഷ്കാരങ്ങൾ എന്തെല്ലാം?

20. താഴെ തന്നിരിക്കുന്ന ശിലാമണ്ഡലഫലകങ്ങളെ വലിയ ഫലകം, ചെറിയ ഫലകം എന്നിങ്ങനെ വർഗ്ഗീകരിച്ചെഴുതുക.

- പസഫിക് ഫലകം
- ഫിലിപ്പൈൻ ഫലകം
- നാസ്ക ഫലകം
- ആഫ്രിക്കൻ ഫലകം
- കോക്കോസ് ഫലകം
- യൂറേഷ്യൻ ഫലകം
- ആസ്ട്രേലിയൻ ഫലകം
- കരീബിയൻ ഫലകം.

21. ദേശീയവരുമാനം കണക്കാക്കുന്നതിന്റെ ഏതെങ്കിലും നാല് ലക്ഷ്യങ്ങൾ എഴുതുക.

22. തന്നിരിക്കുന്ന സംസ്കാരങ്ങളിൽ നിന്ന് തെക്കേ അമേരിക്കൻ സംസ്കാരങ്ങളെ പട്ടികപ്പെടുത്തുക.

- മിസിസിപ്പി
- മായൻ
- ഇൻക
- കരീബിയൻ
- മൊഗല്ലോൻ
- അസ്ടെക്
- പടയൻ
- ടോൾടെക്

**23 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി. ഓരോന്നിനും 5 സ്കോർ വീതം. 5 x 3 = 15**

23. ശിലാമണ്ഡലഫലകങ്ങളുടെ വിവിധതരം ചലനങ്ങൾ എതെല്ലാം? അവയിൽ ഒന്നിനെക്കുറിച്ച് വിശദീകരിക്കുക.

24. കാലാവസ്ഥാ വ്യതിയാനങ്ങൾ കാരണം കാർഷികോല്പാദനം കുറഞ്ഞത് ഫ്യൂഡലിസത്തിന്റെ തകർച്ചയ്ക്കിടയാക്കി. മറ്റ് കാരണങ്ങളെഴുതുക.

25. എ കോളത്തിന് യോജിച്ചവ ബി കോളത്തിൽ നിന്ന് എടുത്തെഴുതുക.

| (എ) ഗ്രന്ഥകർത്താക്കൾ | (ബി) കൃതികൾ |
|---|---|
| ഒമർഖയ്യാം | സിറ്റി ഓഫ് ഗോഡ് |
| അൽ- ഫിർദൗസി | രാജതരംഗിണി |
| സെന്റ് അഗസ്റ്റിൻ | റുബായിയാത്ത് |
| കൽഹണൻ | ഗീതാഗോവിന്ദം |
| ജയദേവൻ | ഷാനാമ |

26. ദേശീയവരുമാനം കണക്കാക്കുന്നതിന് അവലംബിക്കുന്ന രീതികൾ ഏതെല്ലാം? അവയിൽ ഒരു രീതി വിശദമാക്കുക.

27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ *ഏതെങ്കിലും 2 എണ്ണത്തിന്* ഉത്തരമെഴുതിയാൽ മതി. ഓരോന്നിനും 6 സ്കോർ വീതം. **6 x 2 = 12**

27. ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്ന ഏതെങ്കിലും മൂന്ന് മൗലികാവകാശങ്ങളും അവയുടെ സവിശേഷതകളും എഴുതുക.

28. മേഘങ്ങളെ രൂപത്തിന്റെ അടിസ്ഥാനത്തിൽ നാലായി വർഗ്ഗീകരിക്കാം. അവ ഏതെല്ലാം? ഓരോന്നിന്റെയും സവിശേഷതകൾ എഴുതുക.

29. മധ്യകാലസമൂഹത്തിന്റെ പുരോഗതിയിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് വ്യക്തമാക്കുക.

സൂചന

- പ്രൈമറി വിദ്യാഭ്യാസം
- സർവകലാശാലകൾ
- സ്ത്രീവിദ്യാഭ്യാസം